## ജനനീതിയുടെ രേഖാചിത്രം

# ബജറ്റ് 2006-07

'സാമൂഹിക നീതിയിലധിഷ്ഠിതമായ സമഗ്രവികസനം' എന്ന കാഴ്ചപ്പാടോടെ ധനമന്ത്രി ഡോ. തോമസ് ഐസക് നിയമസഭയിലവതരിപ്പിച്ച പുതുക്കിയ ബജറ്റ് കൃഷിക്കും പരമ്പരാഗതവ്യവസായ മേഖലയ്ക്കും ഊന്നൽ നൽകുന്നതോടൊപ്പം ഒട്ടേറെ ക്ഷേമപദ്ധതികളും ഉൾക്കൊള്ളുന്ന ഒന്നായി.

കൃഷിക്ക് 175 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ കടക്കെണിയിൽപ്പെട്ട കർഷകരെ സഹായിക്കാൻ കാർഷിക കടാശ്വാസ കമ്മീഷനെയും വിലസ്ഥിരത ഉറപ്പുവരുത്താൻ കാർഷിക കമ്മീഷനെയും നിയമിക്കാൻ ബജറ്റിൽ 100 കോടി രൂപ വകയിരുത്തിയിരിക്കുന്നു. നാളികേരവികസനത്തിന് 32.25 കോടി രൂപ, നെൽകൃഷി വികസനത്തിന് 16 കോടി, തേയില, കാപ്പി തുടങ്ങിയവയ്ക്ക് പ്രത്യേക പാക്കേജ് തുടങ്ങി കാർഷികരംഗത്ത് ഒട്ടേറെ പദ്ധതികൾ ബജറ്റിൽ വിഭാവനം ചെയ്യുന്നു. മൃഗസംരക്ഷണമേഖലയിലെ ഫാമുകളുടെ വികസനത്തിന് 20 കോടി രൂപയും കന്നുകുട്ടി പരിപാലന പരിപാടിക്ക് മൂന്ന് കോടി രൂപയും അധികം വകയിരുത്തിയിട്ടുണ്ട്.

കയർ, കശുവണ്ടി, ബീഡി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കാനുള്ള പദ്ധതികളും ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കയർ മേഖലയ്ക്ക് 21 കോടി രൂപയും, കശുവണ്ടി മേഖലയ്ക്ക് 35 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്. പ്രതിസന്ധി നേരിടുന്ന ദിനേശ്ബീഡി കമ്പനിക്ക് പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ നാല് കോടി രൂപയും കൈത്തറി മേഖലയ്ക്ക് നിലവിലുള്ള 15.6 കോടി രൂപയ്ക്ക് പുറമെ അഞ്ച് കോടി രൂപയും കൂടി നൽകുന്നതാണ്.

3000 കോടി രൂപയുടെ സമഗ്ര തീരദേശ വികസനപദ്ധതി തയ്യാറാക്കാൻ ബജറ്റിൽ നിർദേശിച്ചിരിക്കുന്നു. ഇതുപ്രകാരം തീരദേശത്തെ എല്ലാ കുടുംബങ്ങൾക്കും വീടും എല്ലാ വീട്ടിലും വെള്ളവും വെളിച്ചവും ലഭ്യമാക്കുന്നതോടൊപ്പം മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ ചെലവിൽ മണ്ണെണ്ണയും അനുവദിക്കും.



ക്ഷേമപ്പെൻഷനുകളുടെ കുടിശ്ശിക തീർക്കുന്നതിനും ആനുകൂല്യങ്ങൾ വർധിപ്പിക്കുന്നതിനും വിദ്യാഭ്യാസ, ആരോഗ്യമേഖലകളുടെ സംരക്ഷണത്തിനും ആവശ്യമായ കൂടുതൽ പണം കണ്ടെത്തുമെന്നും ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി പറഞ്ഞിട്ടുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നല്കുന്ന മെയ്ന്റനൻസ് ഗ്രാന്റിന്റെ ഒരു ഭാഗം സർക്കാർ ആശുപത്രികൾക്ക് മരുന്നുവാങ്ങാൻ ഉപയോഗപ്പെടുത്താൻ ബജറ്റിൽ നിർദേശമുണ്ട്. ഇതുകൂടാതെ പ്രത്യേകമായി 15 കോടി രൂപയും ഈ ആവശ്യത്തിന്

# കാലവർഷക്കെടുതി ആശ്വാസമേകാൻ ദിശാബോധമുള്ള

കാലവർഷക്കെടുതികളിൽ കേരളത്തിൽ ഏറ്റവുമധികം നാശനഷ്ടങ്ങൾ നേരിടുന്ന ജില്ലയാണ് ആലപ്പുഴ. ഈ വർഷം മെയ് അവസാനവാരത്തിൽ നേരത്തെ തന്നെ ആരംഭിച്ച കാലവർഷം ആലപ്പുഴയിൽ വൻ കെടുതികളാണ് സൃഷ്ടിച്ചത്. ജൂൺ 27 വരെയുള്ള കണക്കനുസരിച്ച് 27.63 കോടി രൂപയുടെ നഷ്ടം ജില്ലയിലുണ്ടായി.

കെടുതികൾ ആരംഭിച്ച ഉടനെ സംസ്ഥാന-ജില്ലാ ഭരണ കേന്ദ്രങ്ങൾ എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിച്ചു. ആലപ്പുഴ ജില്ലയുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ സംസ്ഥാന സർക്കാർ, സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ജി. സുധാകരനെ ചുമതലപ്പെടുത്തി. അദ്ദേഹവും ധനകാര്യമന്ത്രി ഡോ. തോമസ് ഐസക്കും ജില്ലാ കളക്ടർ കെ. ആർ. മുരളീധരനും പലതവണ കെടുതി പ്രദേശങ്ങൾ സന്ദർശിക്കുകയും അടിയന്തരസഹായത്തിനും പുനരധിവാസത്തിനും നേതൃത്വം നൽകുകയും ചെയ്തു.

മന്ത്രി ജി.സുധാകരൻ പലതവണ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുടെയും യോഗങ്ങൾ വിളിക്കുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകുകയും ചെയ്തു. ആലപ്പുഴയിൽ വർഷകാലത്തും അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുവാനും അടിയന്തരനടപടികൾ സ്വീകരിച്ചു. ആലപ്പുഴ മുനിസിപ്പാലിറ്റി, ത്രിതല പഞ്ചായത്തുകൾ എന്നിവയുടെ ഫലപ്രദമായ ഇടപെടൽ ഉറപ്പാക്കുവാനും അദ്ദേഹത്തിന് സാധിച്ചു. ചുരുക്കത്തിൽ കൂട്ടായ പ്രവർത്തനത്തിന്റെ തിളക്കമാർന്ന ചിത്രമാണ് ഇത്തവണ ആലപ്പുഴയിൽ ദൃശ്യമായത്.

ജൂൺ 27 വരെയുള്ള കാലയളവിലെ കാലവർഷക്കെടുതിയിൽ ആലപ്പുഴ ജില്ലയിൽ 10 പേർ മരിക്കുകയുണ്ടായി. മരിച്ചവരുടെ കുടുംബത്തിലെത്തി ബന്ധുക്കളെ ആശ്വസിപ്പിക്കുവാനും കുടുംബത്തിനുള്ള സർക്കാർ ധനസഹായം ലഭ്യമാക്കുവാനും സഹകരണവകുപ്പുമന്ത്രി ജി.സുധാകരൻ പ്രത്യേകം ശ്രദ്ധവെച്ചു.

ആലപ്പുഴ ജില്ലയിലെ അഞ്ച് താലൂക്കുകളിലായി



മന്ത്രി ജി. സുധാകരൻ കാക്കാഴം ദുരിതാശ്വാസക്യാമ്പ് സന്ദർശിച്ചപ്പോ